# 106-മത് ഭരണഘടനാ ഭേദഗതി നിയമം 2023




ലോക്സഭയിലും എല്ലാ സംസ്ഥാന നിയമസഭകളിലും ദേശീയ തലസ്ഥാനമായ ഡൽഹിയിലെ നിയമസഭയിലും, പട്ടികജാതി - പട്ടികവർഗക്കാർക്കായി സംവരണം ചെയ്യപ്പെട്ടവ ഉൾപ്പെടെ, എല്ലാ സീറ്റുകളുടെയും 33% (മൂന്നിൽ ഒന്ന്) സീറ്റുകൾ സ്ത്രീകൾക്കായി 15 വർഷത്തേക്ക് സംവരണം ചെയ്യുന്ന നിയമം.

## 128-ാം ഭരണഘടനാ ഭേദഗതി ബിൽ 2023

പുതിയ പാർലമെന്റ് മന്ദിരത്തിൽ അവതരിപ്പിച്ച ആദ്യ ബിൽ, "നാരി ശക്തി വന്ദൻ അധിനിയം" എന്നാണ് ബില്ലിന്റെ പേര്.

### ലോകസഭ

- ബിൽ അവതരിപ്പിച്ചത് : 2023 സെപ്റ്റംബർ 19
- അവതരിപ്പിച്ചത് : അർജുൻ റാം മേഘ് വാൾ (കേന്ദ്ര നിയമ നീതി വകുപ്പ് മന്ത്രി)
- ബിൽ പാസ്സായത് : 2023 സെപ്റ്റംബർ 20
- അനുകൂലിച്ചു വോട്ട് ചെയ്തവർ : 454 പേർ

- സഭയിൽ ഹാജരായിരുന്ന 456 പേരിൽ 02 പേർ മാത്രമാണ് എതിർത്ത് വോട്ട് ചെയ്തത്.
- ഓൾ ഇന്ത്യ മജ്‌ലിസ് - ഇ - ഇത്തിഹാദുൽ മുസ്ലിമിൻ (AIMIM) ആണ് എതിർത്തു വോട്ട് ചെയ്തത് (വോട്ടിങ്ങിൽ നിന്നും ആരും വിട്ടുനിന്നില്ല).

### രാജ്യസഭ

- പാസ്സായത് : 2023 സെപ്റ്റംബർ 21
- വോട്ടു ചെയ്തവർ : 214 പേർ
- രാഷ്ട്രപതി ഒപ്പുവച്ചത് : 2023 സെപ്റ്റംബർ 28 (ദ്രൗപതി മുർമു)

### ഭേദഗതി നടത്തിയ വകുപ്പുകൾ

➢ ARTICLE 239 AA

- ഡൽഹി നിയമസഭയിൽ വനിതാ സീറ്റ് സംവരണം.
- പട്ടികജാതിക്കാർക്കായി നിശ്ചയിച്ചിട്ടുള്ള സീറ്റുകളുടെ മൂന്നിലൊന്ന് സ്ത്രീകൾക്ക് അനുവദിക്കും.
- നേരിട്ടുള്ള തിരഞ്ഞെടുപ്പ് ആവശ്യമുള്ള മൂന്നിലൊന്ന് സീറ്റുകളും പട്ടികജാതിക്കാർ ഉൾപ്പെടെ സ്ത്രീകൾക്കായി നീക്കിവയ്ക്കും.

### പുതുതായി ഉൾപ്പെടുത്തിയവ

➢ ARTICLE 330 A

- ലോക്സഭയിലെ വനിതാ സീറ്റ് സംവരണം.
- ആർട്ടിക്കിൾ 330 (2) പ്രകാരം അനുവദിച്ചിട്ടുള്ള സീറ്റുകളുടെ മൂന്നിലൊന്ന് പട്ടികജാതി അല്ലെങ്കിൽ പട്ടികവർഗത്തിൽപ്പെട്ട സ്ത്രീകൾക്ക് അർഹതയുണ്ട്.

SSC RRB EXAMS

- നേരിട്ടുള്ള തിരഞ്ഞെടുപ്പിലൂടെ നികത്തേണ്ട മൂന്നിലൊന്ന് സീറ്റുകളിൽ സ്ത്രീകൾക്ക് മുൻഗണന നൽകും; പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിൽ നിന്നുള്ള സ്ത്രീകൾക്കായി നീക്കിവച്ചിരിക്കുന്ന സീറ്റുകളുടെ എണ്ണം ഇതിൽ ഉൾപ്പെടുന്നു.

➢ ARTICLE 332 A

- സംസ്ഥാനങ്ങളിലെ നിയമസഭയിൽ സ്ത്രീകൾക്കായി നീക്കിവച്ചിരിക്കുന്ന സീറ്റുകൾ ഉൾപ്പെടുന്നു.

➢ ARTICLE 334 A

- സെൻസസും, മണ്ഡല പുനർനിർണ്ണയവും കഴിഞ്ഞു മാത്രമേ നിയമം നടപ്പിലാവുകയുള്ളൂ.
- നിയമം നിലവിൽ വന്നു 15 വർഷത്തേക്കാണ് സംവരണം.
- ഓരോ മണ്ഡല പുനർനിർണയത്തിന് ശേഷവും സ്ത്രീകൾക്ക് സംവരണം ചെയ്ത സീറ്റുകൾ മാറിവരും.

## നിയമം നിലവിൽ വരുമ്പോൾ

- ലോക്സഭയിലെ 543 സീറ്റുകളിൾ 181 വനിതകൾക്ക് ആണ്.
- രാജ്യസഭയിലും സംസ്ഥാന നിയമസഭ കൗൺസിലുകളിലും വനിത സംവരണം ഉണ്ടാകില്ല.
- 2024 ലെ പൊതു തിരഞ്ഞെടുപ്പിൽ സംവരണം ഉണ്ടാകില്ല.
- 2029 ലെ തിരഞ്ഞെടുപ്പിൽ നടപ്പാക്കാനാണ് സാധ്യത.
- 2010 ൽ രാജ്യസഭ പാസ്സാക്കിയ ബില്ലിന് പകരം പുതിയ ബില്ലാണ് ഇപ്പൊൾ അവതരിപ്പിച്ചത് എന്നാണ് കേന്ദ്ര സർക്കാർ ലോക്സഭയിൽ പറഞ്ഞത്.

SSC RRB EXAMS

# ചരിത്രം

1971 Committee on the Status of Women in India (1971)

- ഇന്ത്യയിലെ സ്ത്രീകളുടെ അവസ്ഥയെക്കുറിച്ചു പഠിക്കാൻ ഒരു കമ്മിറ്റി രൂപീകരിച്ചു.
- വിദ്യാഭ്യാസ-സാമൂഹിക ക്ഷേമ മന്ത്രാലയമാണ് കമ്മിറ്റിയെ നിയോഗിച്ചത്.
- 1974-ൽ റിപ്പോർട്ട് സമർപ്പിച്ചു
- റിപ്പോർട്ടിൽ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വനിതകൾക്കു നിശ്ചിത ശതമാനം സീറ്റ് സംവരണം ചെയ്യണമെന്നു ഈ സമിതി ശിപാർശ ചെയ്തു.

**1987 Committe Under Margaret Alva (1987)**

- രാജീവ് ഗാന്ധി സർക്കാർ നിയോഗിച്ച കമ്മിറ്റി.
- കേന്ദ്രമന്ത്രി മാർഗരറ്റ് ആൽവയുടെ നേതൃത്വത്തിലുള്ള 14 അംഗ കമ്മിറ്റി.
- കമ്മിറ്റി റിപ്പോർട്ട് പ്രകാരം 1989 മെയ് മാസത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 33 ശതമാനം വനിത സംവരണ ബിൽ അവതരിപ്പിച്ചു.
- ലോക് സഭയിൽ പാസ്സായെങ്കിലും രാജ്യസഭയിൽ പാസ്സാക്കിയില്ല.

**1992-93 P.V നരസിംഹറാവു**

- ഭേദഗതി ബില്ലുകൾ അവതരിപ്പിച്ചു. ഇരു സഭകളും അംഗീകാരം നൽകി നിയമം നിലവിൽ വന്നു.
- 1993-ൽ ഭരണഘടനയുടെ 73,74 വകുപ്പുകൾ ഭേദഗതി ചെയ്ത് തദ്ദേശ സ്ഥാപനങ്ങളിലെ മൂന്നിലൊന്ന് സീറ്റുകൾ വനിതകൾക്കായി സംവരണം ചെയ്തു.

SSC RRB EXAMS

# വനിത സംവരണം നിയമസഭയിൽ

## 1996 Geeta Mukharjee Committee

- 1996 സെപ്റ്റംബർ 12-ന് എച്ച്.ഡി. ദേവഗൗഡ സർക്കാർ 81-ആം ഭരണഘടന ഭേദഗതിയായി വനിതാ സംവരണ ബിൽ പാർലമെന്റിൽ അവതരിപ്പിച്ചു.
- ഈ ബിൽ സി.പി.ഐ. എം.പി. ഗീത മുഖർജി അദ്ധ്യക്ഷയായുള്ള സംയുക്ത പാർലമെന്ററി സമിതിക്കു വിട്ടു.
- 1996 ഡിസംബർ 9-ന് പാർലമെന്ററി സമിതി റിപ്പോർട്ട് ലോകസഭയിൽ അവതരിപ്പിച്ചു.
- തുടർ നടപടികൾ ഉണ്ടായില്ല.
- തുടർന്ന് വന്ന ഐ.കെ ഗുജ്റാൾ ബില്ലിന് വേണ്ടി പരിശ്രമിച്ചെങ്കിലും ഫലം കണ്ടില്ല.

## എ.ബി വാജ്പേയുടെ പരിശ്രമം

- 1998 ജൂൺ 4-ന് എൻ.ഡി.എ. യുടെ നേതൃത്വത്തിലുള്ള സർക്കാർ 84-ആം ഭരണഘടനാ ഭേദഗതിയായി വനിതാ സംവരണ ബിൽ പാർലമെന്റിൽ അവതരിപ്പിച്ചു.
- ഏറെ വൈകാതെ എൻ.ഡി.എ. നേതൃത്വത്തിലുള്ള സർക്കാർ ന്യൂനപക്ഷമാകുകയും സർക്കാർ പിരിച്ചു വിടുകയും ചെയ്തു.
- 1999 നവംബർ 22-ന് എൻ.ഡി.എ. സർക്കാർ ബിൽ വീണ്ടും പാർലമെന്റിൽ അവതരിപ്പിച്ചു.
- സമവായമുണ്ടാകാത്തതിനെത്തുടർന്ന് 2002-ലും 2003-ലും ബിൽ അവതരിപ്പിച്ചു.
- ഈ രണ്ടു തവണയും ബിൽ പാർലമെന്റിൽ പരാജയപ്പെട്ടു.

ENTRI
SSC RRB EXAMS

### യു.പി.എ സർക്കാർ ശ്രമങ്ങൾ

- 2004 മേയിൽ യു.പി.എ.യുടെ പൊതു മിനിമം പരിപാടിയിൽ ഉൾപ്പെടുത്തിയ വനിതാസംവരണ ബിൽ യാഥാർത്ഥ്യമാക്കുമെന്ന് സർക്കാർ പ്രഖ്യാപനം നടത്തി.
- 2008 മേയ് 6-ന് 108- ആം ഭേദഗതി ബിൽ രാജ്യസഭയിൽ അവതരിപ്പിച്ച് നിയമ-നീതികാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ പരിഗണനക്കു വിട്ടു.
- 2009 ഡിസംബർ 17-ന് സ്റ്റാൻഡിങ്ങ് കമ്മറ്റി റിപ്പോർട്ട് പാർലമെന്റിന്റെ രണ്ടു സഭകളിലും വെച്ചു. സമാജ്‌വാദി പാർട്ടി, ജെ.ഡി. (യു), ആർ.ജെ.ഡി. എന്നീ പാർട്ടികൾ പ്രതിഷേധവുമായി രംഗത്തു വന്നു.
- 2010 ഫെബ്രുവരി 22 ബിൽ പാസാക്കാൻ സർക്കാർ പ്രതിജ്ഞാ ബദ്ധമാണെന്നു രാഷ്ട്രപതി പ്രതിഭാ പാട്ടിൽ വ്യക്തമാക്കി.
- 2010 ഫെബ്രുവരി 25 കേന്ദ്രമന്ത്രിസഭ ബില്ലിന് അംഗീകാരം നൽകുന്നു.
- 2010 മാർച്ച് 8-ന് അന്തർദേശീയ വനിതാ ദിനത്തിൽ ബിൽ രാജ്യസഭയിൽ അവതരിപ്പിച്ചു.
- ബഹളത്തെത്തുടർന്ന് വോട്ടെടുപ്പ് മാറ്റി വെച്ചു.
- എസ്.പി, ആർ.ജെ.ഡി. എന്നീ പാർട്ടികൾ സർക്കാരിനുള്ള പിന്തുണ പിൻവലിക്കുമെന്ന് പ്രഖ്യാപിച്ചു.
- 2010 മാർച്ച് 9-ന് ബിൽ രാജ്യസഭയിൽ വോട്ടെടുപ്പിനിട്ടു. ഒന്നിനെതിരെ 186-വോട്ടുകൾക്ക് ബിൽ രാജ്യസഭ പാസാക്കി.
- പക്ഷെ ലോക്സഭയിൽ എത്തിയില്ല.
- Committee on the Status of Women (2013) കമ്മിറ്റി രൂപീകരിച്ചിരുന്നു.

SSC RRB EXAMS